ഇ.എം.(1) 17431/18

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി, 17.09.2018

# സർക്കുലർ. 47/18

വിഷയം - സഹകരണ വകുപ്പ് - കാലവർഷക്കെടുതി -മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം നൽകുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന - 11.8.2018 ലെ സ.ഉ.അച്ചടി നം. 144/2018/സഹ.നം. സർക്കാർ ഉത്തരവ്

സംസ്ഥാനത്ത് അപ്രതീക്ഷിതമായി ഉണ്ടായ പ്രളയക്കെടുതി വരുത്തി വച്ചിട്ടുള്ള നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും, സംസ്ഥാനത്തിന്റെ പൂർവ്വസ്ഥിതി വീണ്ടെടുക്കുന്നതിനുമായുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും ചുരുങ്ങിയത് 30000 കോടി രൂപ വേണ്ടി വരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇതിൽ 10000 കോടി രൂപയോളം റവന്യൂ വരുമാനത്തിലൂടെ സമാഹരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളവും, പെൻഷൻകാരുടെ ഒരു മാസത്തെ പെൻഷനും സമാഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സൂചന പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥനയെ മാനിച്ച് സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ ഒരു മാസത്തെ ശമ്പളം സംഭാവനയായി നൽകുന്നതിന് താഴെ പറയും പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഒരു മാസത്തെ ശമ്പളത്തുക കണക്കാക്കേണ്ടത് 2018 സെപ്റ്റംബർ മാസത്തെ ഗ്രോസ് സാലറി അടിസ്ഥാനമാക്കിയാണ്.
2. ഒരു മാസത്തെ ആകെ ശമ്പളത്തിന് തുല്യമായ തുക പരമാവധി 10 ഗഡുക്കളായി നൽകാവുന്നതാണ്.
3. ഈ ആവശ്യത്തിലേക്ക് കഴിഞ്ഞ മാസത്തെ ശമ്പളത്തിൽ നിന്നും ജീവനക്കാർ സംഭാവന നൽകിയിട്ടുണ്ടെങ്കിൽ ആയത് ഒരു മാസത്തെ ശമ്പളത്തുകയിൽ നിന്നും കുറവ് വരുത്തി ബാക്കിയുള്ള തുക മാത്രം സംഭാവനയായി നൽകാവുന്നതാണ്. ഇതിനായി ജീവനക്കാർ ചീഫ് എക്സിക്യൂട്ടീവിന് അപേക്ഷ നൽകേണ്ടതാണ്.
4. ഇൻകം ടാക്സ് റൂൾ 80 ജി പ്രകാരം ഇളവിന് അർഹതയുള്ളവർക്ക് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ആയത് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് സ്വീകരിക്കേണ്ടതാണ്.
5. ജീവനക്കാർ ശമ്പളത്തിൽ നിന്നും സംഭാവനയായി നൽകുന്ന തുക 2018 സെപ്റ്റംബർ മാസത്തെ ശമ്പളം മുതൽ കുറവ് വരുത്തിത്തുടങ്ങേണ്ടതാണ്.

6. പ്രാപ്തിയുള്ള സംഘങ്ങൾക്ക് പരമാവധി 10 മാസംകൊണ്ട് തിരികെ അടക്കണമെന്ന വ്യവസ്ഥയിൽ ഈ ആവശ്യത്തിലേക്ക് ജീവനക്കാർ ആവശ്യപ്പെടുന്ന പക്ഷം ഒരു മാസത്തെ ശമ്പളം അഡ്വാൻസ് ആയി നൽകാവുന്നതാണ്.
7. ജീവനക്കാർക്ക് താൽപര്യമുള്ള പക്ഷം, ഒരുമാസത്തെ ശമ്പളം നൽകുന്നതിന് പകരമായി സെപ്റ്റംബർ മാസത്തെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്ത് അവധി ശമ്പളം ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകാവുന്നതാണ്.എന്നാൽ നടപ്പ സാമ്പത്തിക വർഷം സറണ്ടർ ചെയ്തുകഴിഞ്ഞ ജീവനക്കാരുടെ ആർജ്ജിതാവധി അക്കൌണ്ടിൽ 30 ദിവസത്തെ അവധി അവശേഷിക്കുന്നുവെങ്കിൽ ദുരിതാശ്വാസ നിധിയിൽ അടക്കുന്നതിന് വേണ്ടി അവർക്ക് ഒരു പ്രാവശ്യം കൂടി 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് പ്രത്യേകാനുമതി നൽകുന്നു.ആയതിനുള്ള അപേക്ഷ ജീവനക്കാർ ചീഫ് എക്സിക്യൂട്ടീവിന് സമർപ്പിക്കേണ്ടതാണ്.
8. ടി തുക ബന്ധപ്പെട്ടവർ അതാത് മാസം തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് താഴെ പറയുന്ന അക്കൌണ്ടിൽ അടയ്ക്കേണ്ടതാണ്.

Chief Minister's Distress Relief Fund
SBI City Branch, Thiruvananthapuram,
A/C No-67319948232
IFSC SBIN0070028
SWIFT CODE SBININBBT08

(ഒപ്പ്)
എസ്. ഷാനവാസ്. ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

1. ആഡിറ്റ് ഡയറക്ടർ
2. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
3. എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
4. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന)
5. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും (ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മുഖേന)
6. എല്ലാ കൺകറന്റ് ആഡിറ്റർമാർക്കും(ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മുഖേന)
7. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, എല്ലാ അപ്പക്സ് സഹകരണ സ്ഥാപനങ്ങളും
8. പ്രസിഡന്റ്/ജനറൽ മാനേജർ/കൺകറന്റ് ആഡിറ്റർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
9. ഡെപ്യൂട്ടി രജിസ്ട്രാർ/പ്രിൻസിപ്പാൾ, എല്ലാ സഹകരണ ട്രെയിനിംഗ് സെന്ററുകൾക്കും
10. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
11. എഡിറ്റർ, സഹകരണ വീഥി
12. എഡിറ്റർ, സഹകരണ ജേർണൽ